**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2285** **12-02-2024 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഐസൊലേഷൻ വാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഓരോ എംഎൽഎ.-യുടെയും ആസ്തി വികസന ഫണ്ടിൽ നിന്നും നീക്കി വച്ചിരുന്ന നാല് കോടി രൂപ ഉപയോഗിച്ച് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; നാളിതുവരെ എത്രയെണ്ണമാണ് പൂർത്തിയാക്കിയത്; വിശദമാക്കാമോ; | (എ) | സർക്കാർ ഉത്തരവ് GO(Rt) No.1555/2021/H&FWD തീയതി 26.07.2021 പ്രകാരം 50% KIIFB ഫണ്ടും 50% MLA ആസ്തി വികസന ഫണ്ടും ചേർത്തു ഒരു ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി ആകെ 1,75,96,748/- (Building Construction- 1,31,65,248/- & Equipments-44,31,500/-) രൂപ വകയിരുത്തിയിട്ടുണ്ട് 140 നിയോജക മണ്ഡലങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് എന്ന പദ്ധതിയിൽ ആദ്യ ഘട്ടം എന്ന നിലയിൽ 90 ആശുപത്രികളാണ് നിർമ്മാണത്തിന് തിരഞ്ഞെടുത്തത്. സ്ഥല ലഭ്യത അനുസരിച്ച് വിവിധ ഘട്ടത്തിൽ 88 ആശുപത്രികളിൽ നിർമ്മാണത്തിന് അനുമതി നൽകുകയുണ്ടായി. ആദ്യ ഘട്ടത്തിൽ പൂർത്തീകരിച്ച 10 ഐസൊലേഷൻ വാർഡുകൾ ഉദ്ഘാടനം കഴിയുകയും രണ്ടാംഘട്ട ഉദ്ഘാടനത്തിനായി 39 വാർഡുകളും സജ്ജവുമാണ്. 49 ആശുപത്രിയിൽ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| (ബി) | മറ്റേതെല്ലാം പ്രവർത്തനങ്ങൾക്കായാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളതെന്നും എം.എൽ.എ. ഫണ്ടിൽ നിന്നും നാല് കോടി രൂപ നീക്കി വച്ചിട്ടും പദ്ധതിക്കായി കിഫ്ബി ഫണ്ട് വകയിരുത്താൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | ഐസൊലേഷൻ വാർഡ് നിർമ്മാണം പൊതുമരാമത്തു വകുപ്പിന്റെ നിർമ്മാണ മാനദണ്ഡങ്ങൾ പാലിക്കുന്നവയാണോ; ഇതു സംബന്ധിച്ച പരിശോധനകൾ നടത്തുന്നത് ആരാണ്; ഐസൊലേഷൻ വാർഡ് | (സി) | പൊതുമരാമത്ത് വകുപ്പിന്റെ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിച്ചാണ് ഐസൊലേഷൻ വാർഡ് നിർമ്മാണം നടക്കുന്നത്. ആരോഗ്യ വകുപ്പിലെ KIIFB വർക്കുകൾക്ക് മേൽനോട്ടം വഹിക്കുന്ന Technical Committee അംഗങ്ങളെ |

| | | | |
|---|---|---|---|
| | നിർമ്മാണത്തിൽ പലയിടത്തും അപാകതകളുണ്ടെന്നും നിർമ്മാണത്തിന്റെ നിലവാരം കുറവാണെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ഈ പ്രവൃത്തികളുടെ നിരീക്ഷണത്തിനും മേൽനോട്ടത്തിനുമായി നിയോഗിച്ചിട്ടുണ്ട്. വിദഗ്ധ സംഘത്തിന്റെ മേൽനോട്ടത്തിലാണ് ഐസൊലേഷൻ വാർഡിന്റെ ഡിസൈനും പ്രവർത്തനങ്ങളും നടക്കുന്നത്. ഐസൊലേഷൻ വാർഡ് നിർമ്മാണത്തിൽ കിഫ്ബിയിൽ നിന്നുമുള്ള ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുന്നുണ്ട്. നിർമ്മാണ കാലയളവിൽ കണ്ടെത്തിയ അപാകതകൾ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നുണ്ട്. |
| (ഡി) | ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണച്ചുമതല ആർക്കാണ്; ഇതിനായുള്ള കരാർ ഏറ്റെടുത്തത് ഏതു സ്ഥാപനമാണ്; കരാർ പ്രകാരം എന്നാണ് പദ്ധതി പൂർത്തിയാക്കേണ്ടത്; | (ഡി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി. M/s തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയാണ് നിർമ്മാണ ഏജൻസി. കരാർ വ്യവസ്ഥ പ്രകാരം കരാറുകാരന് സ്ഥലം കൈമാറി 135 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. |
| (ഇ) | പ്രവൃത്തി പൂർത്തിയായ ശേഷം സ്ഥാപിക്കുന്ന ബോർഡുകളിൽ എം.എൽ.എ. ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | പ്രവൃത്തി പൂർത്തിയായ ഐസൊലേഷൻ വാർഡുകളിൽ സ്ഥാപിക്കുന്ന ബോർഡുകളിലും ഉദ്ഘാടന ശിലാ ഫലകത്തിലും എം.എൽ.എ ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പ്രവൃത്തി പൂർത്തിയായ ഐസോലേഷൻ വാർഡുകളിൽ പ്രവൃത്തിയുടെ വിശദാംശങ്ങൾ അടങ്ങിയ ബോർഡ് സ്ഥാപിക്കുന്നുണ്ട്. ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കിഫ്ബിയിൽ നിന്നുമുള്ള ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുന്നുണ്ട്. ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായുള്ള നിർമ്മാണ സാമഗ്രികളുടെ പരിശോധന, നിർമ്മാണ പുരോഗതി, ഘട്ടം ഘട്ടമായുള്ള പൂർത്തീകരണം, നിർമ്മാണം പൂർത്തിയാകുന്ന വാർഡുകളുടെ ബില്ലുകൾ എന്നിവ കിഫ്ബി ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിച്ച് പ്രവൃത്തികളും ബില്ലുകളും പരിശോധിച്ചശേഷമാണ് കിഫ്ബി മുഖേന കരാറുകാരന് പേയ്മെന്റ് റിലീസ് ചെയ്യുന്നത്. |
| (എഫ്) | എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ആസ്തി എന്ന നിലയിൽ ഐസൊലേഷൻ വാർഡുകൾക്ക് മുന്നിൽ സ്ഥാപിക്കുന്ന ബോർഡിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ സംബന്ധിച്ച് ഒരു മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനും നിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായുള്ള പരിശോധന | (എഫ്) | മറുപടി ഇ പിരിവിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ